നം. സി.ഇ.ഇ/4343/എൽഎൽ.എം/2014/റ്റി.എ.2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001

# വിജ്ഞാപനം

## 2014-15 എൽ.എൽ.എം. കോഴ്സ് പ്രവേശനത്തിനുള്ള

## കേന്ദ്രീകൃത അലോട്ടുമെന്റ്

കേരളത്തിലെ 4 സർക്കാർ ലോ കോളേജുകളിലെയും, 2 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2014-15 വർഷത്തെ എൽഎൽ.എം കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് 2015 മാർച്ച് 17 ന് തിരുവനന്തപുരം, ശാന്തിനഗർ, ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സിലുള്ള പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ വച്ച് നടത്തുന്നതാണ്. സമയ ക്രമം ചുവടെ ചേർക്കുന്നു.

| അലോട്ടുമെന്റ് സമയക്രമം | | |
|---|---|---|
| **തീയതി** | **റിപ്പോർട്ട് ചെയ്യാനുള്ള സമയം** | **റാങ്ക്** |
| 17.03.2015 (ചൊവ്വാഴ്ച) | 09.30 am | 1 – 50 |
| | 11.30 am | 51-100 |
| | 01.30 pm | 101-272 |

**കോളേജുകളുടെ ലിസ്റ്റ്:**

| ഗവൺമെന്റ് ലോ കോളേജുകൾ | |
|---|---|
| ക്രമ നം. | |
| 1. | ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം |
| 2. | ഗവൺമെന്റ് ലോ കോളേജ്, എറണാകുളം |
| 3. | ഗവൺമെന്റ് ലോ കോളേജ്, തൃശ്ശൂർ |
| 4. | ഗവൺമെന്റ് ലോ കോളേജ്, കോഴിക്കോട് |
| **സ്വകാര്യ സ്വാശ്രയ ലോ കോളേജ്** | |
| 1. | അൽ–അസർ ലോ കോളേജ്, തൊടുപുഴ |
| 2. | മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ, തിരുവനന്തപുരം |

**ഫീസ്:**

| കോളേജുകൾ | ഫീസ് |
|---|---|
| ഗവൺമെന്റ് ലോ കോളേജുകൾ | 3,600 രൂപ |
| സ്വകാര്യ സ്വാശ്രയ ലോ കോളേജ് | **ഗവൺമെന്റ് ഫീസ്** |
| | 30,000 രൂപ |

<u>കുറിപ്പ്:</u> എൽ എൽ എം കോഴസുകളിലേയ്ക്കുള്ള അലോട്ട്മെന്റ് നടത്തുന്നത് റാങ്കിന്റെയും റിപ്പോർട്ടിംഗ് സമയത്ത് ലഭ്യമായ സീറ്റുകളുടെയും അടിസ്ഥാനത്തിൽ ആയതിനാൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സമയ ക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

കേന്ദ്രീകൃത അലോട്ടുമെന്റിൽ പങ്കെടുക്കുന്നവർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്, പ്രോസ്പെക്ടസ് ക്ലോസ് 16(11) ൽ വ്യവസ്ഥ ചെയ്ത പ്രകാരം വിദ്യാഭ്യാസ യോഗ്യത, ജനനതീയതി മുതലായവ തെളിയിക്കുന്ന അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്. അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല. വിദ്യാർത്ഥികൾ അവരവരുടെ റാങ്ക് അനുസരിച്ച് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സമയത്ത് തന്നെ നേരിട്ടോ പ്രോസ്പെക്ടസ്സിലെ അനുബന്ധം I പ്രകാരമുള്ള അധികാരപത്രവുമായി പ്രതിനിധി മുഖേനയോ അലോട്ടുമെന്റിന് ഹാജരാകേണ്ടതാണ്.

അലോട്ട്മെന്റ് നടത്തുന്ന കേന്ദ്രത്തിൽ വച്ച് വിദ്യാർത്ഥികളിൽ നിന്നും ഫീസ് സ്വീകരിക്കുന്നതല്ല. അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ബാധകമായ എല്ലാ ഫീസും അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട കോളേജുകളിൽ അടയ്ക്കേണ്ടതാണ്.

**പ്രവേശന തീയതി:-** അലോട്ടുമെന്റ് ലഭിക്കുന്നവർ **2015 മാർച്ച് 18** മുതൽ **മാർച്ച് 21**, **വൈകുന്നേരം 5 മണി** വരെയുള്ള തിയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

കോളേജ് പ്രിൻസിപ്പൽമാർ **21.03.2015 വൈകുന്നേരം 5 മണിക്ക്** നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഓപ്ഷൻ നൽകുവാനുള്ള സൗകര്യം അലോട്ട്മെന്റ് കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്. കേന്ദ്രീകൃത അലോട്ടുമെന്റിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

**ഹെൽപ്പ് ലൈൻ നം: 0471-2339101, 2339102, 2339103 and 2339104 (10 a.m. to 5 p.m.)**

തിരുവനന്തപുരം
10.03.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**